ഹാദി

# സുഹൃത്തേ ഞാൻ കെ.എ റഹ്മാൻ




**കെ.എ റഹ്മാൻ**
**ചാലിയാറിന്റെ ഇതിഹാസ നായകൻ**
**പേജ് 128, വില 65**
**പ്രസാധകർ: പരിസ്ഥിതി സംരക്ഷണ സമിതി**
**വാഴക്കാട് പി.ഒ., മലപ്പുറം - 673640 ഫോൺ: 0483-2727588**

"സുഹൃത്തേ, ഞാൻ കെ.എ റഹ്മാൻ. വാഴക്കാട് പഞ്ചായത്ത് മുൻ പ്രസിഡന്റ്. ഇപ്പോൾ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് അംഗം. കാൻസർ രോഗിയായി ആശുപത്രി കിടക്കയിൽ വെച്ചാണ് ഈ കത്തെഴുതുന്നത്. മാവൂരിൽ ബിർള ഗ്രൂപ്പിന്റെ ഉടമസ്ഥതയിൽ ഗ്രാസിം ഇൻഡസ്ട്രീസ് എന്ന വ്യവസായ സ്ഥാപനം ആരംഭിച്ചതു മുതൽ ചാലിയാർ പുഴയിലേക്ക് ഒഴുക്കുന്ന രാസവസ്തുക്കളുടെയും പുറത്തുവിടുന്ന വിഷവാതകങ്ങളുടെയും ഫലമായി ഉണ്ടായ മലിനീകരണത്തിനെതിരെ സമരരംഗത്ത് മുൻനിരയിൽ തന്നെ പ്രവർത്തിച്ചവരിലൊരാളാണ് ഞാൻ......

ജീവിക്കാനുള്ള മൗലികാവകാശത്തിനുവേണ്ടിയാണ് ഈ സമരം. ഈ സമരത്തിൽ ഒരു മനുഷ്യൻ എന്ന നിലയിൽ താങ്കൾക്കും പങ്കാളിയാവാനാകും; ഞങ്ങളെ സഹായിക്കാനാകും."

എഴാം ക്ലാസിലെ മലയാളം പാഠപുസ്തകത്തിലുള്ള കെ.എ റഹ്മാൻ എന്ന വാഴക്കാട്ടുകാരന്റെ കത്തിന്റെ തുടക്കവും ഒടുക്കവുമാണ് മുകളിൽ കുറിച്ചത്. കെ.എ റഹ്മാൻ എന്ന വലിയ മനുഷ്യന്റെ ജീവിതത്തെക്കുറിച്ച് സൂചന നൽകാൻ ഈ വരികൾക്കാകും.

കേരളത്തിലെ ആദ്യത്തെ സംഘടിത പരിസ്ഥിതി സമരം നയിച്ച ചാലിയാറിന്റെ ഇതിഹാസ നായകനായിരുന്നു കെ.എ റഹ്മാൻ എന്ന നാട്ടുമ്പുറത്തുകാരൻ. കാൻസർ ഉൾപ്പെടെ മാരക രോഗങ്ങൾക്ക് കാരണമായ മാവൂർ ഗ്വാളിയോർ റയോൺസിനെതിരെ നാലുപതിറ്റാണ്ടോളം നീണ്ടുനിന്ന സമരം നയിക്കുകയും ഒടുവിൽ കാൻസർ ബാധിച്ച് സമരഭൂമിയിൽ മരിച്ചു വീഴുകയും ചെയ്ത ചാലിയാറിന്റെ രക്തസാക്ഷി!

അദ്ദേഹത്തെക്കുറിച്ചുള്ള പുസ്തകം, '*കെ.എ റഹ്മാൻ ചാലിയാറിന്റെ ഇതിഹാസ നായകൻ*' ഒരു വ്യക്തിയെക്കുറിച്ചുള്ള ഓർമക്കുറിപ്പുകളുടെ സമാഹാരം മാത്രമല്ല ജീവിക്കാൻ വേണ്ടി ഒരു ജനത നടത്തിയ പോരാട്ടത്തിന്റെ ചരിത്രം കൂടിയാണ്.

കേരളത്തിലെ അനുഗൃഹീത നദികളിലൊന്നായ ചാലിയാർ സ്വച്ഛമായൊഴുകിയ കാലം. പതിനായിരങ്ങളുടെ ജീവിതമായിരുന്നു ദൈവത്തിന്റെ ഈ വരദാനം. പക്ഷേ, ചാലിയാറിനു മേൽ കറുത്ത മൂടുപടമണിയിച്ചുകൊണ്ട് 1963-ൽ ബിർളയുടെ ഗ്രാസിം ഫാക്ടറി മാവൂരിൽ സ്ഥാപിക്കപ്പെട്ടു. 1969-ൽ കമ്പനി ഫൈബർ പ്ലാന്റ് തുടങ്ങി. ഗ്രാസിമിന്റെ പുകക്കുഴലുകളിലൂടെ വിഷപ്പുകയും പൈപ്പുകളിലൂടെ വിഷജലവും ജനങ്ങൾക്ക് യഥേഷ്ടം കിട്ടിത്തുടങ്ങി. വികസനഭീകരതയുടെ ഇരകളായി വാഴക്കാട്ടെയും പരിസര പഞ്ചായത്തുകളിലെയും ജനം മാരക രോഗങ്ങൾ പേറിയുള്ള ദുരിതയാത്ര ആരംഭിക്കുകയായിരുന്നു; കെ.എ റഹ്മാൻ സാഹിബ് വായു ജല മലിനീകരണത്തിനെതിരായ സമരയാത്രയും. കേരളം നെഞ്ചേറ്റിയ എല്ലാ പരിസ്ഥിതി സമരങ്ങൾക്കും പ്രചോദനമായി വർത്തിക്കുന്ന ആ സമരയാത്രയുടെ ഉജ്ജ്വലമായ ചരിത്രമാണ് കെ.എ ശുക്കൂർ എഡിറ്റുചെയ്ത ഈ പുസ്തകം.

മുതലാളിത്ത വികസന ഭ്രാന്തിന്റെ പ്രത്യാഘാതങ്ങൾ എന്താണെന്നും അത്തരം വികസന ഭീകരതയെ ജനകീയ ശക്തികൊണ്ട് എങ്ങനെ തടഞ്ഞു നിർത്താമെന്നും പുസ്തകം പറഞ്ഞു തരുന്നു. ചാലിയാർ സമരം കൊടുമ്പിരിക്കൊണ്ട നാളുകളിലൊന്നിൽ മലിനജലം പുറത്തുവിടുന്നത് നിർത്തണമെന്നാവശ്യപ്പെട്ട് റഹ്മാൻ സാഹിബ് കമ്പനി മാനേജ്മെന്റിനെ സമീപിച്ചു. ആർ.എൻ സാബു

വഴങ്ങിയില്ല. ഒരു ഘട്ടത്തിൽ തീപ്പെട്ടിയുരച്ച് റഹ്മാൻ ഷർട്ട് പൊക്കി അരയിൽ തിരുകിയ ബോംബ്/പടക്കം കാണിച്ചു കൊണ്ട് പറഞ്ഞു 'നമുക്ക് ഒരുമിച്ചു മരിക്കാം!' കമ്പനി മാനേജ്മെന്റ് റഹ്മാൻ സാഹിബിന് വഴങ്ങി. അതായിരുന്നു വാഴക്കാട്ടുകാരുടെ അദ്വൈ്രേ. മുസ്‌ലിംലീഗ് പ്രവർത്തകനും വാഴക്കാട് ഗ്രാമപഞ്ചായത്തു പ്രസിഡന്റുമായിരുന്ന റഹ്മാൻ സാഹിബ് വാഴക്കാട്ടുനിന്നാരംഭിച്ച ചാലിയാർ സമരം ഇന്ത്യയോളം വളർന്നു; ഇന്ത്യക്കു പുറത്തും ആ ശബ്ദം മുഴങ്ങി. ഗ്രീൻപീസ് അവാർഡ് അദ്ദേഹത്തെ തേടിവന്നു. ലോക പ്രശസ്ത എഴുത്തുകാരി അരുന്ധതി റോയ് വാഴക്കാട്ട് റഹ്മാൻ സാഹിബിന്റെ വസതിയായ 'ചാലിയാറി'ലെത്തി. സാധാരണക്കാരും പരിസ്ഥിതി പ്രവർത്തകരും ഡോക്ടർമാരും എഴുത്തുകാരുമുൾപ്പെടെ വലിയൊരു ജനസഞ്ചയം അദ്ദേഹത്തോടൊപ്പം നിന്നു.

ഒരുനാൾ അദ്ദേഹമറിഞ്ഞു താൻ എന്തിനെതിരെയാണോ പോരാടുന്നത്, എന്തിൽനിന്നാണോ തന്റെ നാട്ടുകാരെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നത് അത് തന്നെ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുന്നു; കാൻസർ! പക്ഷേ, അദ്ദേഹം പതറിയില്ല. 'എന്റെ രോഗം പ്രശ്നമല്ല, അതിനെക്കാൾ മാരകമാണ് ഈ നാടിന്റെ രോഗം. നമ്മുടെ പഴയ പുഴ നമുക്ക് തിരിച്ചുകിട്ടണം. വായു ശുദ്ധമാകണം.' രോഗ ശയ്യയിൽ മരണത്തോട് മല്ലിടുമ്പോഴും അദ്ദേഹം സമരം നയിച്ചുകൊണ്ടിരുന്നു. 1999 ജനുവരി 11-ന് റഹ്മാൻ സാഹിബ് അല്ലാഹുവിലേക്ക് യാത്രയായി.

അദ്ദേഹത്തിന്റെ പോരാട്ടം വൃഥാവിലായില്ല. ജീവിതം നൽകി നടത്തിയ സമരം വിജയം കണ്ടു. മാവൂർ ഗ്വാളിയോർ റയോൺസ് അടച്ചുപൂട്ടി. ചാലിയാർ വീണ്ടും സ്വഛമായി ഒഴുകാൻ തുടങ്ങിയിരിക്കുന്നു.

എം.ടി വാസുദേവൻ നായർ, എം.എ റഹ്മാൻ, ഇ.ടി മുഹമ്മദ് ബഷീർ, എ. വാസു, ഡോ. കെ.ടി വിജയമാധവൻ, ഡോ. കെ.വി ഹമീദ്, സുഗതകുമാരി, എം.പി അബ്ദുസ്സമദ് സമദാനി, റഹീം മേച്ചേരി, എം.എൻ കാരശ്ശേരി, കെ. സുഗതൻ, ഡോ. എ. നുജൂം, പ്രഫ. കെ. ശ്രീധരൻ, ഹാഷിം എളമരം, റഹ്മാൻ മധുരക്കുഴി തുടങ്ങിയവരുടെ ലേഖനങ്ങൾ. ■